ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജ് പാലക്കാട്
**info@gptcpalakkad.ac.in**
**Phone No.04912572640**
**Pin:678551**

നം.സി.-1519/19ജി.പി.ടിസി,പിഎല്കെഡി തിയ്യതി:27-08-2025

**<u>ലേലപ്പരസ്യം നോട്ടീസ്</u>**

വിഷയം: സർക്കാർ പോളിടെക്ലനിക്ക് കോളേജ്, പാലക്കാട്- കോളേജ് ക്യാമ്പസ്സിലെ ചുറ്റുമതിലിന് സമീപത്തുള്ള പലജാതി മരങ്ങളുടെ വില്പന- മുദ്ര വെച്ച കൊട്ടേഷനുകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന: 11/06/2025 തിയ്യതിയിലെ പാലക്കാട് ജില്ലാ പഞ്ചായത്ത് കാര്യാലയത്തിലെ എസ്.3/3128/2024 നമ്പർ നടപടി ഉത്തരവ്

12/08/2025 ആം തിയ്യതിയിലെ ഇതേ ഫയൽ നമ്പർ പ്രകാരമുള്ള ലേല പരസ്യ നോട്ടീസ്.

----------

പാലക്കാട് സർക്കാർ പോളിടെക്ലനിക്ക് കോളേജിൻ്റെ പ്രധാന ക്യാമ്പസ്സിന് ചുറ്റുമായി നിൽക്കുന്ന പലജാതി മരങ്ങൾ ലേലം വഴി ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മരങ്ങൾ വാങ്ങുവാൻ താല്പര്യമുള്ളവർക്ക് മുദ്ര വച്ച കവറുകളിൽ ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്. **10/09/2025 തിയ്യതി രാവിലെ 10.00 മണിവരെ ലഭിക്കുന്ന ക്വട്ടേഷൻുകൾ ഈ സ്ഥാപനത്തിലെ അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിലെ സെമിനാർ ഹാളിൽ വെച്ച് തുറന്ന് പരിശോധിക്കുന്നതാണ്.**

ലേലം സംബന്ധിച്ച മറ്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

1. അക്യുഷ്യ, കഴിണി, മരുത്, മഞ്ഞ പാവട്ട തുടങ്ങിയ പല ഇനങ്ങളിൽപെട്ട 110 മരങ്ങളാണ് ലേലം വഴി വിൽക്കുവാൻ ഉദ്ദേശിക്കുന്നത്.മരങ്ങളുടെ അളവ് ഉൾപ്പെടുത്തിയിട്ടുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

2. കൃത്യമായ മേൽവിലാസം,ഫോൺ നമ്പർ, ജി.എസ്.ടി.രജിസ്ട്രേഷൻ ഉണ്ടെങ്കിൽ ജി.എസ്.ടി. നമ്പർ എന്നിവ ക്വട്ടേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്. ലേലം കൊള്ളുവാൻ ഉദ്ദേശിക്കുന്ന വില വ്യക്തമായി മനസ്സിലാവുന്ന രീയിയിൽ തെറ്റു കൂടാതെ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തിയരിക്കണം.ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ ഒപ്പ് ഉണ്ടാവേണ്ടതാണ്.സ്ഥാപനമാണെങ്കിൽ സ്ഥാപനത്തിൻ്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ്റ ഒപ്പും സീലും ഉണ്ടായിരിക്കേണ്ടതാണ്.**മുദ്ര വച്ച കവറിനു പുറത്ത് മരം ലേലം എന്ന് രേഖ്പ്പെടുത്തേണ്ടതാണ്**

3 . **നിരത ദ്രവ്യമായി 3000/- രൂപ 10/09/2025 ന് രാവിലെ 10.30നകം കെട്ടിവയ്ക്കാത്തവർ സമർപ്പിക്കുന്ന ക്വട്ടേഷനുകൾ അസാധുവായി നിരാകരിക്കുന്നതാണ്.**ലേലം കൊണ്ട വ്യക്തിയുടെ ഒഴികെയുള്ളവരുടെ നിരത ദ്രവ്യ തുക ലേല നടപടികൾ പൂർത്തികരിക്കുന്ന വേളയിൽ തന്നെ തിരികെ നൽകുന്നതാണ്.

4 ഉയർന്ന വിലയ്ക്ക് ലേലം കൊള്ളുന്ന വ്യക്തിയുടെ ചെലവിലും ഉത്തരവാദിത്തതിലും മരങ്ങൾ മുറിച്ച് ഒഴിവാക്കുക എന്നതാണ് ലേലനടപടിയിലൂടെ ലക്ഷ്യമാക്കുന്നത്.

5. ലേലം വഴി വിൽക്കുവാൻ ഉദ്ദേശിക്കുന്ന 110 മരങ്ങൾക്ക് മതിപ്പ് വിലയായി നിശ്ചയിച്ചിട്ടുള്ളത് 3 ലക്ഷം രൂപയാണ്.(മൂന്ന് ലക്ഷം) ഈ തുകയ്ക്ക് മുകളിൽ രേഖപ്പെടുത്തുന്ന ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതാണ്.

6 .ബന്ധപ്പെട്ട ഉദ്യോഗസ്ഥൻറെ സാന്നിദ്ധ്യത്തിൽ മുറിച്ചിട്ട മരങ്ങളുടെ എണ്ണം തിട്ടപെടുത്തി മുഴുവൻ ലേലസംഖ്യയും പുറമേ 5 ശതമനം ഫോറസ്റ്റ് ഡെവലപ്മെന്റ് നികുതിയും നിലവിലെ ജി.എസ്.ടി തുകയും അടച്ച് ലേലവസ്തുകൾ ലേലം എടുത്തയാളുടെ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്.(ഫയർ വുഡിന് ജി.എസ്.ടി ഒടുക്കേണ്ടതില്ല

7 ലേലം ചെയ്തു വിൽക്കുന്ന മരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ പ്രവൃത്തി സമയത്ത് (9 AM to 3 PM) ലേലം ഓഫീസറുടെ/സ്ഥാപന മേധാവിയുടെ അനുമതിയോടെ കണ്ട് ബോധ്യപ്പെടാവുന്നതാണ്.

8. ലേലം കൊള്ളുന്ന വ്യക്തി ലേലത്തുകയുടെ 25 ശതമാനം ലേലം ഉറപ്പിക്കുന്ന ദിവസം തന്നെ അടയേക്കേണ്ടതാണ്. ബാക്കി തുക 5 ദിവസത്തിനകം അടക്കേണ്ടതാണ്. ഇതിൽ പരാജയപ്പെടുന്ന പക്ഷം ലേല നടപടികൾ റദ്ദ ചെയ്യുന്നതിന് ലേലം ഓഫീസർക്ക്/ സ്ഥാപന മേധാവിക്ക് അധികാരമുണ്ടായിരിക്കും.

9 ഈ സ്ഥാപനത്തിൻറെ സ്ഥാവര ജംഗമ വസ്തു വകകൾക്ക് ഒരു തരത്തിലുള്ള നാശ നഷ്ടവും ഉണ്ടാകാത്ത രീതിയിൽ ലേലം വഴി നേടുന്ന മരങ്ങൾ സ്വന്തം ചെലവിൽ മുറിച്ച്, നിശ്ചിത സമയത്തിനകം കടത്തിക്കൊണ്ടുപോകേണ്ടത് ലേലം കൊള്ളുന്ന വ്യക്തിയുടെ ഉത്തരവാദിത്തയിരിക്കും.

10. ലേലം നീട്ടി വയ്ക്കുവനോ റദ്ദാക്കുവാനോ ഉള്ള അധികാരം ലേലം ഓഫീസറിൽ നിക്ഷിപ്തമാണ്. സർക്കാർ ലേല നിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരികും.

11. പരസ്യ ലേലം ഉണ്ടായിരിക്കുന്നതല്ല.മുദ്രവച്ച കവറുകളിൽ ക്വട്ടേഷൻ സമർപ്പിക്കാത്തവർക്ക് ലേലം നടക്കുന്ന ഹാളിലേക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

പ്രിൻസിപ്പാൾ
ഡോ.ദിലീപ്.പി

പകർപ്പ്
1.ലേലം ഓഫീസർമാർ
2.ലേലം കോർഡിനേറ്റർ&അസിസ്റ്റൻ്റ് കോർഡിനേറ്റർ
3, ഓഫീസ് നോട്ടീസ് ബോർഡ്
4, വില്ലേജ് ഓഫീസർ, കൊടുമ്പ്
5, വില്ലേജ് ഓഫീസർ, മരുതറോഡ്
6, പഞ്ചായത്ത് ഓഫീസർ, കൊടുമ്പ്
7, പഞ്ചായത്ത് ഓഫീസർ, മരുതറോഡ്
8, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്
(പത്രങ്ങളിൽ പ്രസിദ്ധീകരികുനതിന്)
9, സൂപ്രണ്ട് ടെക്നിക്കൽ ഹൈസ്കൂൾ, പാലക്കാട്
( നോട്ടീസ് ബോർഡിൽ പതിക്കുന്നതിന്)

10,ക്യാഷ് സെക്ഷൻ

Signed by Dileep P
Date: 27-08-2025 16:33:35